(ഡി) 2000-2001 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവായി 2873 ലക്ഷം രൂപയും രണ്ടാം ഗഡുവായി 498.38 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

ക്രിമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കുറഞ്ഞ കാലപരിധി നിർണ്ണയിക്കാൻ നടപടി

26 (*56) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക ജാതിക്കാർക്ക് ജാതി സംവരണം ലഭിക്കുന്നതിന് ക്രിമിലെയറിൽ ഉൾപ്പെടുന്നില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രയാസവും കാലതാമസവും നേരിടുന്നതിനാൽ അർഹതയുള്ളവർക്കും സംവരണാനുകൂല്യം ലഭിക്കാതെ പോകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത് കണക്കിലെടുത്ത് ക്രിമിലെയർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാനും അപേക്ഷകന് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഒരു കുറഞ്ഞ കാലപരിധി നിർണ്ണയിക്കാനും നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 7 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ക്രിമിലെയർ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിച്ച് പത്ത് ദിവസത്തിനകം തീർപ്പാക്കണമെന്ന് ഇപ്പോൾ തന്നെ ഉത്തരവുണ്ട്. ഈ കാലപരിധി കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ രൂപീകരണവും പ്രവർത്തനവും

27 (*57) ശ്രീ. എ. അലിഹസ്സൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ രൂപീകരണവും അതിന്റെ പ്രവർത്തനവും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിക്ക് എപ്പോഴാണ് രൂപം നല്കിയതെന്നും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടാൻ എത്രകണ്ട് സാധിച്ചു എന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly